# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം
## കണ്ണൂർ

**670001**

**ഇ-മെയിൽ: doknr.ksad@kerala.gov.in**

**ഫോൺ : 0497-2707698**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.10/1558/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 14/11/2024
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.10/1558/24 തീയ്യതി: 14/11/2024

# കണ്ണൂർ ജില്ലയിലെ കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-08-2023 മുതൽ 13-09-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ

ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജ്യോതിഷ് കുമാർ സി.വി | ഡെപ്യൂട്ടി ഡയറക്ടർ | 18-09-2024 | 03-10-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-09-2024 | 03-10-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ വിനീത് കുമാർ കെ.പി., ഓഡിറ്റ് ഓഫീസർ
ശ്രീമതി ഷിജില വി.ഡി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജിജില ടി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലത.കെ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീ പ്രസാദ്.വി.വി | സെക്രട്ടറി | 01-04-2023 | 22-07-2023 |
| ശ്രീ ജിനീഷ് കുമാർ.ഇ(ഹെഡ്ക്ലാർക്ക്) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-07-2023 | 04-09-2023 |
| ശ്രീ പ്രദീപ്.എസ് | സെക്രട്ടറി | 05-09-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ആനന്ദൻ.പി.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 08-09-2023 |
| ശ്രീമതി ലീന.എം(ഓവർസീയർ) | അസിസ്റ്റന്റ് എഞ്ചിനീയർ-ഇൻ-ചാർജ് | 09-09-2023 | 17-09-2023 |
| ശ്രീ അനന്തുകൃഷ്ണൻ.എം. | അസിസ്റ്റന്റ് എഞ്ചിനീയർ | 18-09-2023 | 31-03-2024 |
| ശ്രീ ഷുഹൈബ് തോട്ടിയിൽ | കൃഷിഓഫീസർ | 01-04-2023 | 11-06-2023 |
| ശ്രീമതി കാർത്തിക ജി.എസ് | കൃഷിഓഫീസർ | 12-06-2023 | 31-03-2024 |
| ഡോ.ദിവ്യാ ദാമോദരൻ | മെഡിക്കൽ ഓഫീസർ(FHC) | 01-04-2023 | 06-07-2023 |
| ഡോ.സലീം.ടി | മെഡിക്കൽ ഓഫീസർ(FHC) | 07-07-2023 | 06-12-2023 |
| ഡോ.ഷിനുമോൻ.കെ.എസ് | മെഡിക്കൽ ഓഫീസർ(FHC) | 07-12-2023 | 27-02-2024 |
| ഡോ.പരിമൾ കതിരാട്ടിൽ | മെഡിക്കൽ | 28-02-2024 | 31-03-2024 |

| | | | |
|---|---|---|---|
| | ഓഫീസർ(FHC) | | |
| ഡോ.അമ്പിളി.സി | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2023 | 25-08-2023 |
| ഡോ.ഷാഹിന.എ.കെ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 26-08-2023 | 31-03-2024 |
| ഡോ.നീനു.സി.കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2023 | 31-03-2024 |
| ഡോ.അഞ്ജു.പി | വെറ്റിനറി സർജൻ | 01-04-2023 | 14-06-2023 |
| ഡോ.ഹരിത് റോഷ് | വെറ്റിനറി സർജൻ | 15-06-2023 | 31-03-2024 |
| ശ്രീ സുരേഷ്.എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 22-07-2023 |
| ശ്രീ ജിനീഷ് കുമാർ.ഇ.(ഹെഡ്ക്ലാർക്ക്) | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-07-2023 | 11-09-2023 |
| ശ്രീ സാഗർ.എൻ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 12-09-2023 | 31-03-2024 |
| ശ്രീമതി സോഫിയ.വി.പി | വി.ഇ.ഒ(പുത്തൂർ സർക്കിൾ) | 01-04-2023 | 31-03-2024 |
| ശ്രീ രാജേഷ്.കെ | വി.ഇ.ഒ(കൊളവല്ലൂർ സർക്കിൾ) | 01-04-2023 | 31-03-2024 |
| ശ്രീ സക്കറിയ.എൻ | ഹെഡ്മാസ്റ്റർ | 01-04-2023 | 31-03-2024 |
| ശ്രീമതി സൂര്യ.ഇ | ICDS സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീ സുഭാഷ്.എസ്.എൻ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി സന്ധ്യ.പി.കെ | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റെൻഷൻ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| | ഓഫീസർ | | |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-1 |
| 3 | പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ബാലൻസ് ഷീറ്റ് ബി 11 (ബി) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-5 |
| 7 | വർഷാന്ത്യ സ്റ്റോക്ക് - ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകി വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത പ്രവൃത്തികളുടെ വിവരം ബി-18-ൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിലെ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ അധികമായി വന്ന 4000 രൂപ ജേണൽ ചെയ്ത് ക്രമീകരിച്ചിട്ടില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |

| | | |
|---|---|---|
| 14 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 1-6 |
| 15 | ക്ഷേമപദ്ധതികൾ | 1-7 |
| 16 | ക്യാഷ് ബാലൻസ് | 1-8 |
| 17 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 18 | ഗ്രാമസഭ | 1-10 |
| 19 | വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. | 1-11 |
| 20 | സർക്കാർ അംഗീകൃതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും (അൺ എയ്ഡഡ്) വസ്തു നികുതി ഈടാക്കേണ്ടതാണ്. | 1-12 |
| 21 | വസ്തു നികുതി പരിഷ്കരണം -കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ വ്യത്യസ്തമായി നൽകി-നികുതിയിനത്തിൽ നഷ്ടമുണ്ടാകുന്നു. | 1-13 |
| 22 | ഭിന്നശേഷി സ്കോളർഷിപ്പ് അധികം നൽകിയ 52500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-14 |
| 23 | മരുന്ന് പൂർണമായും ലഭ്യമായിട്ടില്ല -23,230 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-15 |
| 24 | എഫ്.എച്ച്.സി ലാബിൽ എ.സി സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല- ₹89,250 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-16 |
| 25 | സ്വയം സുരക്ഷാ പരിശീലനം കുട്ടികൾക്ക് - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ-50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 26 | ലൈഫ് ഭവന പദ്ധതി - ഗുണഭോക്താവിന് തുക അധികം അനുവദിച്ചു. ₹1,00,000 യുടെ ചെലവ് അംഗീകരിക്കുന്നില്ല | 1-18 |
| 27 | വിവിധ കുഴൽ കിണറുകൾക്ക് മോട്ടോർ പമ്പ് സ്ഥാപിക്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല-2,87,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 28 | തെരുവ് വിളക്ക് വാർഷിക അറ്റകുറ്റ പണി/പരിപാലനം നിയമാനുസൃത | 1-20 |

| | | |
|---|---|---|
| | ജി.എസ്.ടി, ടി.ഡി.എസ് കുറവ് വരുത്തിയിട്ടില്ല. | |
| 29 | കുഴൽ കിണർ നിർമ്മാണം പ്രവൃത്തികളുടെ പൂർത്തീകരണവിവരം/ വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല - ₹4,98,444 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 30 | ഐ.കെ.എം വിഹിതം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല ₹103226 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 31 | ഐ കെ എം മെമ്പർഷിപ്പ് ഫീസ്- വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല ₹900000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 32 | തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് വേണ്ടി സ്ട്രീറ്റ് ലൈൻ വലിക്കൽ- വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല ₹2176887യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. . | 1-24 |
| 33 | കെ എസ് ഇ ബിക്ക് നൽകിയ തുക ദീർഘ കാലമായിട്ടും ക്രമീകരിച്ചിട്ടില്ല | 1-25 |
| 34 | പത്താമുദയം പദ്ധതി-അപാകതകൾ- 72150 രൂപയുടെ ചെലവ് തടസ്സത്തിൽവെക്കുന്നു. | 1-26 |
| 35 | വിവിധ പ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ വിവരം ലഭ്യമായില്ല 163976 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 36 | ഇ-ടെണ്ടർ ഫീ തുക ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-28 |
| 37 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-കേരളത്തിലെ മാലിന്യസംസ്കരണം ഹരിതകർമ്മസേനയിലൂടെ-അവലോകനം | 1-29 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

| | | |
|---|---|---|
| 1 | ലൈഫ് ഭവന പദ്ധതി - ഗുണഭോക്താവിന് തുക അധികം അനുവദിച്ചു. ₹1,00,000 യുടെ ചെലവ് അംഗീകരിക്കുന്നില്ല | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യപത്രികകൾ | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കുന്നോത്ത്പറമ്പ് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 18.06.2024 ലെ 48/2024 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 20.06.2024 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുന്നോത്ത്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുന്നോത്ത്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
14.11.2024.

## <u>1-1-1 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.</u>

അക്രുവൽ ചെയ്യുന്ന വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തണമെന്ന് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2023-24വ ർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള വസ്തു നികുതി ഇനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ ഡിമാന്റ് 2 തവണ മാത്രമാണ് (ഡിസംബർ 2023, മാർച്ച് 2024) രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണമായി വസ്തു നികുതി

## <u>1-1-2 പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ബാലൻസ് ഷീറ്റ് ബി 11 (ബി) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.</u>

**പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ബാലൻസ് ഷീറ്റ് ബി 11 (ബി) ഷെഡ്യൂളിൽ ഉൾപ്പെടുത്തി ക്രമീകരിച്ചിട്ടില്ല. ബി-11(b) കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ശീർഷകത്തിൽ മുൻവർഷങ്ങളിലെ (2021-22, 2022-23) അതേ നീക്കിയിരിപ്പ് തുകയാണ് (250000 രൂപ) തൻവർഷവും കാണിച്ചിട്ടുള്ളത്. ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല**

## 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase/ Decrease In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹8183309 യാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-5752586 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമ പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-4 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

1. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.
2. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) (ചട്ടം 62F), മുൻവർഷത്തെ താരതമ്യ തുകകൾ (ചട്ടം 62(3) നോട്ട്സ് ഓൺ അക്കൗണ്ട് എന്നിവ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-5 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

സർക്കാരിന്റെ 06.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി സ്ഥാപനത്തിലെ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ – 2011, ചട്ടം 80 ൽ

പരാമർശിച്ചതനുസരിച്ചുള്ളതും B-11 ഷെഡ്യൂളിൽ പരാമർശിച്ചതുമായ ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിൽ ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

## 1-1-6 വർഷാന്ത്യ സ്റ്റോക്ക് - ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തിയിട്ടില്ല.

## 1-1-7 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകി വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത പ്രവൃത്തികളുടെ വിവരം ബി-18-ൽ ഉൾപ്പെടുത്തിയിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾ പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കെ എസ്.ഇബിയിൽ ₹2176887 യും ഭൂജല വകുപ്പിൽ ₹78544 യും ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗസാക്ഷ്യപത്രം നാളിതുവരെ ലഭ്യമായിട്ടില്ല. ആയത് ബാലൻസ് ഷീറ്റിലെ ബി-18 അഡ്വാൻസ് ശീർഷകത്തിൽ ചേർത്തിട്ടില്ല.

## 1-1-8 ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിലെ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ അധികമായി വന്ന 4000 രൂപ ജേണൽ ചെയ്ത് ക്രമീകരിച്ചിട്ടില്ല

ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ അധികമായി വന്ന 4000 രൂപയാണ് ബി.18 ഷെഡ്യൂളിൽ -4000 രൂപയായി കാണിച്ചിട്ടുള്ളത്. ആയത് ക്രമീകരിക്കേണ്ടതാണ്.

## 1-2 ബജറ്റ്

കുന്നോത്ത്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് 15-03-2023 തീയതിയിലെ 69/2023 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 22-01-2024 ലെ 15/24 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|

| | | |
|---|---|---|
| മുന്നിരിപ്പ് | 1,47,57,345 | 3,33,05,274 |
| വരവ് | 27,99,11,000 | 27,68,37,663 |
| ആകെ | 29,46,68,345 | 31,01,42,937 |
| ചെലവ് | 28,99,07,660 | 30,75,22,189 |
| നീക്കിയിരിപ്പ് | 47,60,685 | 26,20,748 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 32853097 |
| വരവ് | 59775330 |
| ആകെ | 92628427 |
| ചെലവ് | 51592021 |
| നീക്കിയിരിപ്പ് | 41036406 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | 1,00,000 |
| തടസ്സപ്പെടുത്തിയ തുക | 44,16,663 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 24929733 | 24929733 | 18961303 | 5968430 |
| വികസന ഫണ്ട് – എസ്.സി.പി | 0 | 732604 | 732604 | 627898 | 104706 |
| വികസന ഫണ്ട് - ടി.എസ്. പി | 0 | 90333 | 90333 | 46111 | 44222 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് – റോഡ് | | 0 | 13892000 | 13892000 | 2352544 | 11539456 |
| മെയിന്റനൻസ് ഫണ്ട് – റോഡിതരം | | 0 | 2118000 | 2118000 | 2098697 | 19303 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | ടൈഡ് | 7302738 | 3321000 | 10623738 | 3802496 | 6821242 |
| | ബേസിക്ക് | 2862675 | 4428000+301977 =4729977 | 7592652 | 3617105 | 3975547 |
| ഹെൽത്ത് ഗ്രാന്റ് | Dignostic Infra Stucture | 93394 | 1205763 | 1299157 | 177033 | 1122124 |
| | Health Wellness Progrmme | 25092 | 487809 | 512901 | 270392 | 242509 |
| സ്വച്ച് ഭാരത് അഭിയാൻ | | 0 | 131 | 131 | 131 | 0 |
| ഐ.സി.ഡി.എസ് - കേന്ദ്രവിഹിതം | | 2692175 | 2753776 | 5445951 | 1500000 | 3945951 |
| എം പി ഫണ്ട് | | 65520 | 683 | 66203 | 66203 | 0 |
| ‘ടി എസ് സി | | 5240 | 0 | 0 | 0 | 5240 |
| സാക്ഷരത | | 8685 | 254 | 8939 | 0 | 8939 |
| ലൈഫ് മിഷൻ | | 1320000 | 2900000 | 4220000 | 4120000 | 100000 |
| ജലനിധി-1 | | 3897061 | 114249 | 4011310 | 0 | 4011310 |
| ജലനിധി-2 | | 0 | 317655 | 317655 | 0 | 317655 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാ | പദ്ധതി | ഭാഗിക | നടപ്പാ | പൂർത്തീ | പൂർത്തീ |
|---|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | ക്കിയത് (എണ്ണം) | ചെലവ് | മായി നടപ്പാക്കിയത് (എണ്ണം) | ക്കാത്തവ (എണ്ണം) | കരിച്ച പ്രോജക്ടുകളുടെ എണ്ണം | കരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 222 | 130357478 | 128 | 54532094 | 23 | 94 | 105 | 47.3 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

<u>നിർവ്വഹണ ഉദ്യോഗസ്ഥർ  നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ</u>

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 8 | 3470864 | 2365705 | 68.15 |
| വെറ്റിനറിസർജ്ജൻ | 2 | 2 | 909000 | 153000 | 16.83 |
| മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 14 | 12 | 6284513 | 3176655 | 50.55 |
| മെഡിക്കൽഓഫീസർ, ഹോമിയോ | 1 | 1 | 100000 | 100000 | 100 |
| മെഡിക്കൽഓഫീസർ, ആയുർവേദം | 1 | 1 | 500000 | 500000 | 100 |
| ഫിഷറീസ് സബ് ഇൻസ്പക്ടർ | 1 | 1 | 100000 | 100000 | 100 |
| വി.ഇ.ഒ, പുത്തൂർ സർക്കിൾ | 13 | 12 | 6611167 | 5272077 | 79.75 |
| വി.ഇ.ഒ, കൊളവല്ലൂർ | 6 | 3 | 21924255 | 11632236 | 53.06 |

| | | | | | |
|---|---|---|---|---|---|
| സർക്കിൾ | | | | | |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 10 | 7963229 | 6903455 | 86.69 |
| സെക്രട്ടറി | 45 | 41 | 12119831 | 9182148 | 75.76 |
| ഹെഡ് മാസ്റ്റർ | 4 | 3 | 2300000 | 2220250 | 96.53 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 104 | 24 | 63667234 | 10880457 | 17.09 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1800000 | 543676 | 30.2 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 8 | 2607385 | 1502435 | 57.62 |
| ആകെ | 222 | 128 | 130357478 | 54532094 | 41.83 |

സുലേഖ പ്രകാരമുള്ള റിപ്പോർട്ടാണ് തയ്യാറാക്കിയത്. സെക്രട്ടറി നിർവ്വഹണം ചെയ്ത പദ്ധതികളിൽ ജി.ഒ. പ്രോജക്ടുകളിൽ അടങ്കൽ ഇല്ലാതെ ചെലവ് മാത്രമാണ് രേഖപ്പെടുത്തിയത് എന്നതിനാൽ ചെലവ് ശതമാനം കൂടിയിട്ടുണ്ട്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 937033 | 1854853 | 2791886 | 2786970 | 4916 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെ) | 0 | 56225544 | 56225544 | 56225544 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 937033 | 58080397 | 59017430 | 59012514 | 4916 |

മുൻ വർഷ റിപ്പോർട്ടിൽ B 4 ഷെഡ്യൂൾ പ്രകാരമുള്ള തുകയായ 937033 രൂപയാണ് നീക്കിയിരിപ്പായി കാണിച്ചിരുന്നത്. എന്നാൽ ബേങ്ക് റിക്കൺസിലിയെഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള 937701 രൂപയാണ് ഇവിടെ മുന്നിരിപ്പായി കാണിച്ചിട്ടുള്ളത്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെപേര് | ചെലവഴിച്ചതുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളിപെൻഷൻ | 5428200 | 411 |
| വിധവാപെൻഷൻ | 21824000 | 1751 |
| വാർദ്ധക്യകാലപെൻഷൻ | 33970400 | 2997 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 6125200 | 491 |
| 50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2944000 | 234 |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-09-2024 ന് 11.35 Am സമയത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹3442 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഐ.എൽ.ജി.എം.എസ് വഴി ഫയൽ കൈകാര്യം ചെയ്യുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും, വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 21 വാർഡുകളിലും 2023-24 വർഷം 4 തവണ വീതം ഗ്രാമസഭ യോഗങ്ങൾ ചേർന്നിട്ടുണ്ട്. 2023-24 വാർഷിക പദ്ധതി അവലോകനം, 2023-24 വാർഷിക പദ്ധതി ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, വിവിധ സാമൂഹ്യ സുരക്ഷാപെൻഷനുകളുടെ ഗുണഭോക്താക്കളെ അംഗീകരിക്കൽ, വസ്തുനികുതി പരിഷ്കരണം, എം.ജി.എൻ.ആർ.ഇ.ജി.എസ് ആക്ഷൻ പ്ലാൻ അംഗീകരിക്കൽ, 2024-25 വാർഷിക പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യൽ തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെടുത്തുകയും, മിനുട്സിൽ നിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1-11 വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

22.03.2023 ലെ സ.ഉ(കൈ)നം.77/2023/തസ്വഭവ പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സോഫ്ട്വെയറിൽ ചേർക്കേണ്ടതും, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്ത് തലത്തിൽ ഇതുവരെ സ്വീകരിച്ച നടപടിക്രമങ്ങളുടെ വിവരവും പുരോഗതി വിവരവും

അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം.5/23.09.2024) 1560 വീടുകളുടെ ഫീൽഡ് പരിശോധന പൂർത്തിയായിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മുഴുവൻ കെട്ടിടങ്ങളുടെയും പരിശോധന പൂർത്തിയാക്കി സഞ്ചയ സോഫ്റ്റ് വെയറിൽ നികുതി പുനർനിർണയം നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും, വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതുമാണ്.

## 1-12 സർക്കാർ അംഗീകൃതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും (അൺ എയ്ഡഡ്) വസ്തു നികുതി ഈടാക്കേണ്ടതാണ്.

സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ് എ2/2023/നിയമം വിജ്ഞാപനം പ്രകാരം (2023ലെ 18-ാം ആക്ട്) 01-04-2023 പ്രാബല്യത്തിൽ വരുത്തിയ ഭേദഗതി പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ട് 207 ബിഎ) ഖണ്ഡം റദ്ദാക്കുകയുണ്ടായി. ഇതു പ്രകാരം 01-04-2023 മുതൽ, സർക്കാരിന്റെ അംഗീകാരം ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കണ്ടറി തലം വരെയുള്ളതുമായ, വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങൾക്കും അനുവദിച്ചിരുന്ന വസ്തു നികുതി ഇളവ് ഒഴിവാക്കിയിട്ടുണ്ട്. കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം വരെ 207 ബിഎ) വകുപ്പ് പ്രകാരം വസ്തുനികുതിയിളവ് അനുവദിച്ചിരുന്ന ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി 01-04-2023 പ്രാബല്യത്തിൽ (2023-24 വർഷം മുതൽ) ഈടാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.11/24.09.2024) മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതിയിളവ് അനുവദിച്ച ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ (അൺ എയ്ഡഡ്) വസ്തുനികുതി 01-04-2023 പ്രാബല്യത്തിൽ (2023-24വർഷം മുതൽ) പുന:സ്ഥാപിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് 2023-2024 സാമ്പത്തികവർഷം മുതലുള്ള വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കി രേഖകൾ സഹിതം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-13 വസ്തു നികുതി പരിഷ്കരണം -കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ വ്യത്യസ്തമായി നൽകി-നികുതിയിനത്തിൽ നഷ്ടമുണ്ടാകുന്നു.

സ.ഉ(അച്ചടി)നം.25/2023/തസ്വഭവ തീയതി 05.04.23 ( എസ് ആർ ഒ നമ്പർ 479/2023 ) വിജ്ഞാപന പ്രകാരം പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്ന വ്യത്യസ്ത കെട്ടിട വിഭാഗങ്ങളുടെ വിവരവും അവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കും താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം | ഏറ്റവും കുറഞ്ഞ നിരക്ക് (രൂപ) | ഏറ്റവും കൂടിയ നിരക്ക് (രൂപ) |
|---|---|---|---|
| 1 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ(ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ | 6 | 10 |
| 2 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ(ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീറ്ററിന് മുകളിലുള്ളവ | 8 | 12 |
| 3 | ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ-300 ച.മീറ്റർ വരെയുള്ളവ | 40 | 70 |

മേൽ വിജ്ഞാപനത്തിന്റെ ഭാഗമായി കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്ത് 21.09.2023 ന് 237/2023നമ്പർ തീരുമാന പ്രകാരം പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തിൽ മേൽ പട്ടികയിൽ പരാമർശിച്ച ക്രമ നമ്പർ 1,2,3 എന്നീ കെട്ടിടവിഭാഗങ്ങളുടെ നികുതി നിരക്ക് യഥാക്രമം 6,8,40 എന്നിങ്ങനെയാണ്. എന്നാൽ 2023-24 കാലയളവിൽ വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള ചില കെട്ടിടങ്ങളെ തെറ്റായ വിഭാഗത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| കെട്ടിട നമ്പർ | കെട്ടിട ഉടമസ്ഥന്റെ പേര് | കെട്ടിട വിസ്തീർണം ച.മീ | ഉപയോഗ ക്രമം | സഞ്ചയയിൽ ഉൾപ്പെടുത്തിയ കെട്ടിടത്തിന്റെ ഉപവിഭാഗം / നികുതി നിരക്ക് | സഞ്ചയയിൽ ഉൾപ്പെടുത്തേണ്ട കെട്ടിടത്തിന്റെ ഉപവിഭാഗം / നികുതി നിരക്ക് |
|---|---|---|---|---|---|
| 8/153 A | കുപ്പ്യാട്ട് കുണ്ടിലോടന്റവിട അബ്ദുൾ അസീസ് | 403.32 | പാർപ്പിടാവശ്യം | മേൽപട്ടികയിലെ ക്രമ നമ്പർ 1 (1 ച.മീ ന് 6 രൂപ നിരക്കിൽ) | മേൽപട്ടികയിലെ ക്രമ നമ്പർ 2 (1 ച.മീ ന് 8 രൂപ നിരക്കിൽ ) |
| 7/368 B | പെട്ടിന്റവിട കുഞ്ഞികൃഷ്ണൻ | 307.88 | പാർപ്പിടാവശ്യം | മേൽപട്ടികയിലെ ക്രമ നമ്പർ 1 (1 ച.മീ ന് 6 രൂപ നിരക്കിൽ) | മേൽപട്ടികയിലെ ക്രമ നമ്പർ 2 (1 ച.മീ ന് 8 രൂപ നിരക്കിൽ ) |
| 17/174 A | താഴെ രയരോത്ത് റിയാസ് | 335.65 | പാർപ്പിടാവശ്യം | മേൽപട്ടികയിലെ ക്രമ നമ്പർ 1 (1 ച.മീ ന് 6 രൂപ നിരക്കിൽ) | മേൽപട്ടികയിലെ ക്രമ നമ്പർ 2 (1 ച.മീ ന് 8 രൂപ നിരക്കിൽ) |
| 12/286 T | പറമ്പത്ത് മനോജ്കുമാർ, എം എം മനോമോഹനൻ, കെ കെ ബാബു, | 52.32 | അപ്പാർട്ട്മെന്റ് | മേൽപട്ടികയിലെ ക്രമ നമ്പർ 2 (1 ച.മീ ന് 8 രൂപ | മേൽപട്ടികയിലെ ക്രമ നമ്പർ 3 (1 ച.മീ ന് 40 രൂപ |

| | | | | | |
|---|---|---|---|---|---|
| | ആച്ചോത്ത് ശീവോതി മൂസ്സ, മാത്രക്കാന്റവിട അഹമ്മദ്, വി കെ സുരേന്ദ്രൻ. പറമ്പത്ത് ഷീന, കെ കെ സലിജ, കെ സി മനോജ്, എൻ കെ അനിൽകുമാർ, പി വിനോദൻ | | | നിരക്കിൽ) | നിരക്കിൽ) |
| 12/286 U | പറമ്പത്ത് മനോജ്കുമാർ, എം എം മനോമോഹനൻ, കെ കെ ബാബു, ആച്ചോത്ത് ശീവോതി മൂസ്സ, മാത്രക്കാന്റവിട അഹമ്മദ്, വി കെ സുരേന്ദ്രൻ. പറമ്പത്ത് ഷീന, കെ കെ സലിജ, കെ സി മനോജ്, എൻ കെ അനിൽകുമാർ, പി വിനോദൻ | 51 | അപ്പാർട്ട്മെന്റ് | മേൽപട്ടികയിലെ ക്രമ നമ്പർ 2 (1 ച.മീ ന് 8 രൂപ നിരക്കിൽ) | മേൽപട്ടികയിലെ ക്രമ നമ്പർ 3 (1 ച.മീ ന് 40 രൂപ നിരക്കിൽ) |
| 12/286 V | പറമ്പത്ത് മനോജ്കുമാർ, എം എം മനോമോഹനൻ, കെ കെ ബാബു, ആച്ചോത്ത് ശീവോതി മൂസ്സ, മാത്രക്കാന്റവിട അഹമ്മദ്, വി കെ സുരേന്ദ്രൻ. പറമ്പത്ത് | 51 | അപ്പാർട്ട്മെന്റ് | മേൽപട്ടികയിലെ ക്രമ നമ്പർ 2 (1 ച.മീ ന് 8 രൂപ നിരക്കിൽ) | മേൽപട്ടികയിലെ ക്രമ നമ്പർ 3 (1 ച.മീ ന് 40 രൂപ നിരക്കിൽ) |

| | | | | | |
|---|---|---|---|---|---|
| | ഷീന, കെ കെ സലിജ, കെ സി മനോജ്, എൻ കെ അനിൽകുമാർ, പി വിനോദൻ | | | | |
| 12/286 W | പറമ്പത്ത് മനോജ്കുമാർ, എം എം മനോമോഹനൻ, കെ കെ ബാബു, ആച്ചോത്ത് ശീവോതി മൂസ്സ, മാത്രക്കാന്റവിട അഹമ്മദ്, വി കെ സുരേന്ദ്രൻ. പറമ്പത്ത് ഷീന, കെ കെ സലിജ, കെ സി മനോജ്, എൻ കെ അനിൽകുമാർ, പി വിനോദൻ | 51 | അപ്പാർട്ട്മെന്റ് | മേൽപട്ടികയിലെ ക്രമ നമ്പർ 2<br>(1 ച.മീ ന് 8 രൂപ നിരക്കിൽ) | മേൽപട്ടികയിലെ ക്രമ നമ്പർ 3<br>(1 ച.മീ ന് 40 രൂപ നിരക്കിൽ) |
| 12/147 C | കൊന്നമ്പത്ത് അഭിലാഷ് | 54.51 | അപ്പാർട്ട്മെന്റ് | മേൽപട്ടികയിലെ ക്രമ നമ്പർ 1<br>(1 ച.മീ ന് 6 രൂപ നിരക്കിൽ) | മേൽപട്ടികയിലെ ക്രമ നമ്പർ 3<br>(1 ച.മീ ന് 40 രൂപ നിരക്കിൽ) |
| 11/239 B | നെല്ലിയാടൻ നാമത്ത് സമീർ | 64.59 | അപ്പാർട്ട്മെന്റ് | മേൽപട്ടികയിലെ ക്രമ നമ്പർ 1<br>(1 ച.മീ ന് 6 രൂപ നിരക്കിൽ) | മേൽപട്ടികയിലെ ക്രമ നമ്പർ 3<br>(1 ച.മീ ന് 40 രൂപ നിരക്കിൽ) |
| 11/239 C | നെല്ലിയാടൻ നാമത്ത് സമീർ | 72.82 | അപ്പാർട്ട്മെന്റ് | മേൽപട്ടികയിലെ ക്രമ നമ്പർ 1<br>(1 ച.മീ ന് 6 രൂപ | മേൽപട്ടികയിലെ ക്രമ നമ്പർ 3<br>(1 ച.മീ ന് 40 രൂപ |

| | | | | | |
|---|---|---|---|---|---|
| | | | | നിരക്കിൽ) | നിരക്കിൽ) |
| 11/239 D | നെല്ലിയാടൻ നാമത്ത് സമീർ | 72.2 | അപ്പാർട്ട്മെന്റ് | മേൽപട്ടികയിലെ ക്രമ നമ്പർ 1 (1 ച.മീ ന് 6 രൂപ നിരക്കിൽ) | മേൽപട്ടികയിലെ ക്രമ നമ്പർ 3 (1 ച.മീ ന് 40 രൂപ നിരക്കിൽ) |
| 13/370E | ആമിന തട്ടാന്റവിടപൊയിൽ | 29.49 | അപ്പാർട്ട്മെന്റ് | മേൽപട്ടികയിലെ ക്രമ നമ്പർ 1 (1 ച.മീ ന് 6 രൂപ നിരക്കിൽ) | മേൽപട്ടികയിലെ ക്രമ നമ്പർ 3 (1 ച.മീ ന് 40 രൂപ നിരക്കിൽ) |
| 13/370 F | ആമിന തട്ടാന്റവിടപൊയിൽ | 29.48 | അപ്പാർട്ട്മെന്റ് | മേൽപട്ടികയിലെ ക്രമ നമ്പർ 1 (1 ച.മീ ന് 6 രൂപ നിരക്കിൽ) | മേൽപട്ടികയിലെ ക്രമ നമ്പർ 3 (1 ച.മീ ന് 40 രൂപ നിരക്കിൽ) |

കെട്ടിടങ്ങളുടെ ഉപവിഭാഗം സഞ്ചയയിൽ വ്യത്യസ്തമായി നൽകിയത് സംബന്ധിച്ച് 12/25.09.2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രസ്തുത കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ച് വസ്തുനികുതി പുനർനിർണ്ണയിച്ച് ബന്ധപ്പെട്ട കക്ഷികളിൽ നിന്ന് ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ അസ്സസ്സ്മെന്റ് സഞ്ചയയിൽ പരിശോധിക്കേണ്ടതും കെട്ടിടങ്ങളുടെ ഉപയോഗക്രമം/ഉൾപ്പെടുത്തിയ ഉപവിഭാഗം ഇത്തരത്തിൽ തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിട്ടുള്ളത് പരിശോധിച്ച് നികുതി ക്രമപ്പെടുത്തേണ്ടതുമാണ്. 01-04-2023 തീയതി മുതൽ പുതുതായി നിർമ്മിച്ച മുഴുവൻ കെട്ടിടങ്ങളും ഇത്തരത്തിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും പുതിയ കെട്ടിടങ്ങളുടെ നികുതി അസ്സസ്സ്മെന്റ് നടത്തുമ്പോൾ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും നികുതി ശോഷണം ഒഴിവാക്കേണ്ടതുമാണ്.

## 1-14 ഭിന്നശേഷി സ്കോളർഷിപ്പ് അധികം നൽകിയ 52500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |
| പ്രൊജക്ട് നമ്പർ/പേര് | 71/24, ഭിന്നശേഷി സ്കോളർഷിപ്പ് |
| അടങ്കൽ | ₹1050000വികസന ഫണ്ട് -ജനറൽ<br>₹300000 തനത് ഫണ്ട്<br>₹510000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹ 175000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ: ₹2035000 |
| ചെലവ് | ₹729300 വികസന ഫണ്ട് -ജനറൽ<br>₹300000 തനത് ഫണ്ട്<br>₹422200 ബ്ലോക്ക് പഞ്ചായത്ത്<br>₹175000 ജില്ലാ പഞ്ചായത്ത്<br>ആകെ: ₹1626500 |
| തുക, ബിൽ നം.തീയതി | 1) ₹659500<br>23220752007900919102/4.12.23<br>2) ₹422200<br>23220752007900837579/15.11.23<br>3) ₹175000 -23220752007900940789/14.12.2023<br>4) ₹69800 -23220752007901519012/25.03.24<br>5) ₹63200 -116/25.09.23<br>6) ₹236800 -324/21.02.24 |

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 2023-24 സാമ്പത്തിക വർഷം 1626500രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ക്രമ നമ്പർ 4,5,6 എന്നീ ബില്ലുകൾ പ്രകാരം പിൻവലിച്ച തുകകളുടെ വിവരം സ്കോളർഷിപ്പ് വിതരണം സംബന്ധിച്ച രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
2. ബില്ലുകൾ പരിശോധിച്ചതിൽ നിന്നും 3 പേർക്ക് തുക അധികം അനുവദിച്ചതായി വ്യക്തമാകുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് | തുക, ബിൽ നമ്പർ/ തീയതി, | അനുവദിച്ച തുക | തുക അനുവദിച്ച (ബിൽ പ്രകാരമുള്ള ബാങ്ക് അക്കൗണ്ട് നമ്പർ ) | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|---|---|---|
| 1 | അഫിയ റദ്വ (എം.ആർ) | ₹69800 23220752007901519012/25.03.24 | 28500 വികസന ഫണ്ട് | CNRB 4611108002368 | 57000 (28500+28500) | |
| | | ₹422200 23220752007900837579/15.11.23 | 6000 ബ്ലോക്ക് | | | |
| | | ₹236800 324/21.02.24 | 28500 തനത് | | | |
| | | ₹659500 23220752007900919102/4.12.23 | 15500 വികസനഫണ്ട് | CNRB 4611108002668 | | |
| | | ആകെ | 78500 | | 57000 | 21500 |
| 2 | മുആസ് മൂസ എം.പി (MR) | ₹236800 324/21.02.24 | 22500 | CNRB 42532410001335 | 28500 | |
| | | ₹63200 | 15500 | | | |

| | | | | | | |
|---|---|---|---|---|---|---|
| | | 116/25.09.23 | | | | |
| | | ₹422200 23220752007900837579/15.11.23 | 6000 | | | |
| ആകെ | | | 44000 | | 28500 | 15500 |
| 3 | സഫ്വാൻ | ₹63200 116/25.09.23 | 15500 | SBI 67317410387 | 28500 | |
| | | ₹69800 23220752007901519012/25.03.24 | 22500 | | | |
| | | ₹422200 23220752007900837579/15.11.23 | 6000 | | | |
| ആകെ | | | 44000 | | 28500 | 15500 |
| ആകെ | | | | | | 52500 |

തുക അധികം അനുവദിച്ചത് സംബന്ധിച്ചും, മേൽ പ്രകാരം പിൻവലിച്ച മുഴുവൻ ബില്ലുകളുടെയും യുടിആർ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിനും ഓഡിറ്റ് അന്വേഷണം (30/03.10.2024) നൽകുകയും ആയതിനുള്ള മറുപടിയിൽ ഗുണഭോക്താക്കൾക്ക് അനുവദനീയമായ 28500 രൂപ മാത്രമാണ് തൻവർഷം അനുവദിച്ചതെന്നും ബാക്കി തുക ഗുണഭോക്താക്കുളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല എന്നും, ഫിയ റിദ്വ എന്ന കുട്ടിക്ക് 2022-23 വർഷത്തെ തുക 2023-24 സാമ്പത്തിക വർഷമാണ് അനുവദിച്ചതെന്നും നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. എന്നാൽ ചെലവിന് ആസ്പദമായ മുഴുവൻ ബില്ലുകളുടെയും യു.ടി.ആർ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല. ഏത് ബില്ല് പ്രകാരമുള്ള തുകയാണ് ക്രെഡിറ്റ് ആകാത്തത് എന്ന് വ്യക്തമാക്കുകയോ തുക ക്രെഡിറ്റ് ആകാത്തതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ അധികം നൽകിയ 52500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഏത് ബിൽ പ്രകാരമുള്ള തുകയാണ് അക്കൗണ്ടിൽ ക്രെഡിറ്റ് ആകാത്തത് എന്നതിതിന്റെ വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. തുക അധികം അനുവദിച്ചിട്ടുണ്ടെങ്കിൽ തുടർ വർഷങ്ങളിൽ അനുവദിക്കുന്ന തുകയിൽ ക്രമീകരിക്കേണ്ടതാണ്.

## 1-15 മരുന്ന് പൂർണമായും ലഭ്യമായിട്ടില്ല -23,230 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ |
| പ്രൊജക്ട് നമ്പർ/ പേര് | 54/24 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ | ₹1,00,000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | ₹1,00,000 ബിൽ നമ്പർ: 117/27.09.2023 |

ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങുന്നതിനുള്ള പ്രോജക്ടിന്റെ ഭാഗമായി ₹100000 മേൽ ബിൽ പ്രകാരം ഹോംകോയുടെ മാനേജിങ്ങ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (SBI-34306403911) നൽകിയിട്ടുണ്ട്. (പ്രൊഫോർമ ഇൻവോയ്സ് PF.424/14.09.23) ആയതിൽ ₹76,770യുടെ മരുന്നുകൾ ലഭിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് . ബാക്കി ₹23230യുടെ മരുന്ന് ലഭ്യമായിട്ടില്ല ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/25.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴുവൻ മരുന്നും ലഭ്യമാകാത്തതിനാൽ ₹23230 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 എഫ്.എച്ച്.സി ലാബിൽ എ.സി സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല- ₹89,250 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| പ്രോജക്ട് നമ്പർ/ പേര് | 207/2024, ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹89,250 (ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് | ₹89,250 ബിൽ നമ്പർ: 50/06.07.2023 |

ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ എന്ന മേൽ പ്രോജക്ടിന്റെ

ഭാഗമായി എഫ്.എച്ച്.സി ലാബിൽ എ.സി സ്ഥാപിക്കുന്നതിനായി കണ്ണൂർ പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 89,250 രൂപ മുൻകൂറായി പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന് 8443-00-108-00 Pw Deposit എന്ന ശീർഷകത്തിലേക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി 15/27.09.2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെന്നും, പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ₹89,250 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 സ്വയം സുരക്ഷാ പരിശീലനം കുട്ടികൾക്ക് - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ-50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ ജി എൽ പി എസ് പുത്തൂർ |
| പ്രോജക്ട് നമ്പർ/ പേര് | 57/24, സ്വയം സുരക്ഷ പരിശീലനം കുട്ടികൾക്ക് |
| അടങ്കൽ | ₹50000- വികസന ഫണ്ട് (ജനറൽ ) |
| ചെലവ് | ₹50000 ബിൽ നമ്പർ: 319/20.02.2024 |

ഗ്രാമ പഞ്ചായത്ത് പരിധിയിലെ 24 വിദ്യാലയങ്ങളിലെ 10 നും 20 നും ഇടയിൽ പ്രായമുള്ള പെൺകുട്ടികൾക്ക് സ്വയംസുരക്ഷാ പരിശീലനം നൽകുന്നതിന് വേണ്ടി തയ്യാറാക്കിയ പദ്ധതിയാണിത്. 05 മുതൽ 10 വരെ ക്ലാസ്സിലുള്ള കുട്ടികൾക്ക് വേണ്ടിയെന്നാണ് പദ്ധതിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. കുട്ടികൾക്ക് കരാട്ടെ പരിശീലനം നൽകുന്നതിന് ഒരു പരിശീലകന് 3000 രൂപ വെച്ച് 3 മാസത്തേക്ക് രണ്ട് പേരുടെ വേതനമിനത്തിൽ 18000 രൂപയും പരിശീലനത്തിനെത്തുന്ന കുട്ടികൾക്ക് ലഘുഭക്ഷണം നൽകുന്നതിന് 15 രൂപ നിരക്കിൽ 80 പേർക്കുള്ള ഭക്ഷണച്ചെലവിനത്തിൽ 32000 രൂപയുമാണ് പദ്ധതിയിൽ വകയിരുത്തിയിരുന്നത്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.

സ.ഉ.(സാധാ നം.1528/2023/LSGD തീയതി, തിരുവനന്തപുരം, 26-07-2023 പ്രകാരം കരാട്ടെ അധ്യാപകന്റെ

യോഗ്യത 8th DAN ബ്ലാക്ക് ബെൽറ്റ് NIS എന്നിവ ആണ്. പഞ്ചായത്തു പരിശീലനത്തിനായി തെരഞ്ഞെടുത്ത പരിശീലകന്റെ യോഗ്യത 8 Th DAN ആണ് എന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ 24-09-2024 തീയതിയിലെ 9-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 8th DAN സർട്ടിഫിക്കറ്റ് ലഭിച്ച പരിശീലകർ കേരളത്തിൽ തന്നെ വളരെ കുറവായതിനാലും കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തിൽ ഇല്ലാത്തതിനാലുമാണ് മറ്റ് യോഗ്യതയുള്ളയാളെ നിയോഗിച്ചത് എന്നാണ് അറിയിച്ചത്. മറുപടി തൃപ്തികരമല്ലാത്തതിനാൽ ഈ പദ്ധതിക്കായുള്ള 50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-18 ലൈഫ് ഭവന പദ്ധതി - ഗുണഭോക്താവിന് തുക അധികം അനുവദിച്ചു.₹1,00,000 യുടെ ചെലവ് അംഗീകരിക്കുന്നില്ല**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ, കൊളവല്ലൂർ സർക്കിൾ |
| പ്രൊജക്ട് നമ്പർ / പേര് | 16/24 ലൈഫ് ഭവനപദ്ധതി |
| അടങ്കൽ | ₹46,12,811 (വികസന ഫണ്ട് - പൊതുവിഭാഗം)<br>₹45,00,000 (സംസ്ഥാനാവിഷ്കൃത വിഹിതം)<br>₹50,00,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹50,00,000 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെ :₹1,91,12,811 |
| ചെലവ് | ₹40,62,811 (വികസന ഫണ്ട് - പൊതുവിഭാഗം)<br>₹41,20,000 (സംസ്ഥാനാവിഷ്കൃത വിഹിതം) |

| | |
|---|---|
| | ₹14,18,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹19,60,000 (ജില്ല പഞ്ചായത്ത് വിഹിതം)<br>ആകെ : ₹1,15,60,811 |

പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ ) നം 115/2022 /ത സ്വ ഭ വ തീയതി 28.5.2022 ഖ 6.7 (1) പ്രകാരം ഭവന നിർമ്മാണത്തിന് ജനറൽ വിഭാഗത്തിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി ₹4,00,000 യാണ്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം പൊതുവിഭാഗത്തിൽപ്പെടുന്ന ശ്രീമതി കല്യാണി, ആച്ചേന്റവിട, ചെണ്ടയാട് എന്ന ഗുണഭോക്താവിന് ഭവന നിർമാണത്തിനായി ആകെ ₹5,00,000 അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താവിന് അനുവദനീയമായതിൽ കൂടുതൽ തുക നൽകിയത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | IFSC / അക്കൗണ്ട് നമ്പർ | പ്രൊജക്ട് നമ്പർ | നൽകിയ തുക / ഫണ്ടിനം | ബിൽ/ചെക്ക് നമ്പർ/ തീയ്യതി |
|---|---|---|---|---|
| കല്യാണി, ആച്ചേന്റവിട, ചെണ്ടയാട് | KLGB0040497/ 40497100002358 | 105/23 | 1,00,000 / ജില്ലാപഞ്ചായത്ത് വിഹിതം | 267/16.03.2023 |
| | | 105/23 | 40,000 / വികസന ഫണ്ട് | 155/20.01.2023 |
| | | 105/23 | 1,60,000 / വികസന ഫണ്ട് | 212/22.02.2023 |
| | | 16/24 | 1,00,000 / ജില്ലാപഞ്ചായത്ത് വിഹിതം | 16/30.05.2023 |
| | | 16/24 | 1,00,000 / സംസ്ഥാനാവിഷ്കൃത ഫണ്ട് | 283880/16.05.2023 |

മേൽ അപാകം സംബന്ധിച്ച് 27/01.10.2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ശ്രീമതി.കല്യാണി, ആച്ചേന്റവിട, ചെണ്ടയാട് എന്നവർക്ക് അധികമായി അനുവദിച്ച 1,00,000 രൂപ തിരിച്ചടപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം അനുവദിച്ച ₹1,00,000 യുടെ ചെലവ് അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-19 വിവിധ കുഴൽ കിണറുകൾക്ക് മോട്ടോർ പമ്പ് സ്ഥാപിക്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല-2,87,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കുന്നോത്തുപറമ്പ ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലെ കുഴൽ കിണറുകളിൽ മോട്ടോർ പമ്പ് സ്ഥാപിക്കുന്നതിന് രൂപീകരിച്ച പ്രോജക്ട് ആണിത്. ആയതു പ്രകാരം സെൻട്രൽ കണ്ണങ്കോട് അങ്കണവാടി, ടേക്ക് എ ബ്രേക്ക് തൂവക്കുന്ന്, നിള്ളങ്ങൾ എം.സി.എഫ് എന്നിവിടങ്ങളിലെ കുഴൽ കിണറുകളിൽ മോട്ടോർ പമ്പ് സ്ഥാപിക്കുന്നതിനായി ഭൂജല വകുപ്പിന്റെ (ജി.ഡബ്ല്യൂ കെ.എൻആർ/145 തീയതി 30.10.2023) എസ്റ്റിമേറ്റ് പ്രകാരമുള്ള ₹287000 താഴെ പറയും പ്രകാരം ഭൂജല വകുപ്പിന് നൽകിയിട്ടുണ്ട്.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ/പേര് | 220/24 വിവിധ കുഴൽ കിണറുകൾക്ക് മോട്ടോർ പമ്പ് സ്ഥാപിക്കൽ |
| അടങ്കൽ ₹287000 | ₹221,000 (സി എഫ് സി - ടൈഡ്)<br>₹66000 (തനത് ഫണ്ട്) |
| ചെലവ് ₹287000 | ₹221,000 ബിൽ നമ്പർ: 335/01.03.2024<br>₹66000 ബിൽ നമ്പർ: 336/01.03.2024 |

പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ/തുകയുടെ വിനിയോഗ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ

ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള(20/30.09.2024) മറുപടിയിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹287000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 തെരുവ് വിളക്ക് വാർഷിക അറ്റകുറ്റ പണി/പരിപാലനം നിയമാനുസൃത ജി.എസ്.ടി, ടി.ഡി.എസ് കുറവ് വരുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്ക് വാർഷിക അറ്റകുറ്റ പണി/പരിപാലനത്തിനായുള്ള പ്രോജക്ട് പ്രകാരം 2022-23 വർഷം ടെൻഡർ നടപടിക്രമങ്ങൾ പ്രകാരം ശ്രീ. ശ്രീലേഷ് സി എന്നവരുടെ ടെൻഡർ അംഗീകരിക്കുകയും കഴിഞ്ഞ സാമ്പത്തിക വർഷം 125000 രൂപയും തൻ വർഷം 373000 രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/ പേര് | 150/24 തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപണി(സ്പിൽ ഓവർ) |
| അടങ്കൽ | ₹373000 തനത് ഫണ്ട് |
| ചെലവ് | ₹373000 |
| ബിൽ നമ്പർ / തീയതി (എ സി ആർ പ്രകാരം) | ₹125000 -126/06.10.23<br>₹125000 -207/30.11.23<br>₹123000 -314/16.02.24<br>₹373000 (ആകെ) |

പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.സി.ജി.എസ്.ടി ആക്ട് **2017**, എസ്.ജി.എസ്.ടി ആക്ട് **2017** എന്നിവയിലെ വകുപ്പ് **51(1)** പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി

ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം കരാറുകാരന് തുക അനുവദിച്ചപ്പോൾ 1% ആദായനികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്. 2% ജി എസ്.ടി ടി.ഡി.എസ് കുറവ് വരുത്തിയിട്ടില്ല.

2) കരാറുകാരൻ നൽകുന്ന ഇൻവോയ്സിന്റെയും വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രവും അനുസരിച്ചാണ് കരാറുകാരന് തുക നൽകുന്നത്. എന്നാൽ ബന്ധപ്പെട്ട കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തിയതിന്റെ സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല.
ജി എസ് ടി കിഴിച്ചുള്ള തുകയായ ₹317796 യുടെ 2% തുകയായ ₹6356 ജി എസ്.ടി ടി.ഡി.എസ് കുറവ് വരുത്തിയിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/30.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമാനുസൃതമായ ജി എസ്.ടി ടി.ഡി.എസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-21 കുഴൽ കിണർ നിർമ്മാണം പ്രവൃത്തികളുടെ പൂർത്തീകരണവിവരം/ വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല - ₹4,98,444 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ/പേര് | 117/24 കുന്നോത്തുപറമ്പ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുഴൽ കിണർ നിർമ്മാണം | 110/24, കണ്ണ്യാടി എസ്.ടി കോളണിക്ക് കുഴൽ കിണർ നിർമ്മാണം |
| അടങ്കൽ | ₹600000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ് ) | ₹73556 (വികസന ഫണ്ട്-ടി എസ്.പി) ₹21444 (തനത് |

| | | |
|---|---|---|
| | | ഫണ്ട്)<br>ആകെ: ₹95000 |
| ചെലവ് | ₹477000<br>ബിൽ നമ്പർ : 351/21.03.24 | ₹21444 (തനത് ഫണ്ട്)<br>₹440/27.03.24<br>ആകെ: ₹21884 |

കുന്നോത്തുപറമ്പ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിനായി ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുടെ പരിശോധനാ റിപ്പോർട്ട് പ്രകാരമുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ₹477000യും കണ്ണ്യാടി എസ്.ടി കോളണിക്ക് കുഴൽ കിണർ നിർമ്മാണം എന്ന പ്രോജക്ട് പ്രകാരം ₹21444യും ഭൂജല വകുപ്പ് ജില്ലാ ഓഫീസറുടെ അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട് (SBI A/C NO.3474880804). പ്രസ്തുത തുകകൾ മുൻകൂറായി നൽകിയപ്പോൾ (സ.ഉ.(കൈ) നം.84/2022/തസ്വഭവ തീയതി 19.04.2022-ലെ ഖണ്ഡിക 12.2.5 പ്രകാരം) ഭൂജല വകുപ്പുമായിമായി കരാർ ചമച്ചതിന്റെ രേഖകൾ പ്രവൃത്തിയുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ്/തുകയുടെ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/01.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ ₹4,98,444യുടെ (477000+21444) ചെലവ് തടസ്സപ്പെടുത്തുന്നു.

**1-22 ഐ.കെ.എം വിഹിതം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല ₹103226 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 5/24 ഐ.കെ.എം-ന് അടക്കേണ്ട വിഹിതം |
| അടങ്കൽ | ₹103226 വികസനഫണ്ട് ജനറൽ |
| ചെലവ് | ₹103226 ബിൽ നമ്പർ/തീയ്യതി: 2219085200550037702б/02.08.23 |

ഐ കെ എം വികസിപ്പിച്ച സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ കെ എം

ന് അടച്ച് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഐ കെ എം എക്സിക്യൂട്ടീവ് ഡയരക്ടറുടെ അക്കൗണ്ടിലേക്ക് (SBI A/C No.57047023512) ₹103226 ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/01.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹1,03,226 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 ഐ കെ എം മെമ്പർഷിപ്പ് ഫീസ്- വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല ₹900000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഐ.കെ എം. ന് മെമ്പർ ഷിപ്പ് അടവാക്കുന്നതിനായി തയ്യാറാക്കിയ പ്രോജക്ട് പ്രകാരം ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് 900000 രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതിയുടെ പേര് | ഐ കെ എം മെമ്പർഷിപ്പ് ഫീസ് |
| പ്രൊജക്ട് നം | 252/24 |
| അടങ്കൽ | ₹900000 വികസന ഫണ്ട് (പൊതു വിഭാഗം) |
| ചെലവ് | ₹900000 ബിൽ നമ്പർ: 437/26.03.2024 |

മേൽ ബിൽ പ്രകാരം തുക പിൻവലിച്ച് ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ടെങ്കിലും തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (34/03.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യ പത്രത്തിന്റെ അഭാവത്തിൽ ₹9,00,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് വേണ്ടി സ്ട്രീറ്റ് ലൈൻ വലിക്കൽ- വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല ₹2176887യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. .

കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് വേണ്ടി സ്ട്രീറ്റ് ലൈൻ വലിക്കുന്നതിനായി താഴെ പറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ/ പേര് | 138/24<br>തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ലൈൻ വലിക്കൽ |
| അടങ്കൽ | ₹673048 (വികസന ഫണ്ട് -ജനറൽ)<br>₹2233533 (തനത് ഫണ്ട്)<br>₹2906581 |
| ചെലവ് | ₹2176887 (തനത് ഫണ്ട്) |
| തുക, ബിൽ നമ്പർ/ തീയതി | ₹37012 436/26.03.2024<br>₹77148 341/13.03.2024<br>₹2062727 338/06.03.2024<br>(എസിആർ പ്രകാരം) |

എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിക്ക് സെക്ഷൻ, പാറാട് ₹2062727 (CNRB A/C No. 42533170000020) ഇലക്ട്രിക്ക് സെക്ഷൻ പെരിങ്ങത്തൂർ ₹77148 (SBI A/C No. 6738222605) പാട്യം ഇലക്ട്രിക്കൽ സെക്ഷൻ ₹37012 (SBI A/C No. 67216505987) എന്നിങ്ങനെയാണ് തുക അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തുകകൾ ഇലക്ട്രിക്ക് സെക്ഷന് നൽകുന്നതിനുമാണ് ബന്ധപ്പെട്ട വൈദ്യുത വിഭാഗവുമായി കരാർ ചമച്ചതിന്റെ രേഖകൾ, പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കിയട്ടില്ല. സ.ഉ.(കൈ) നം. 84/2022/ തസ്വഭവ തീയതി 19.04.2022-ലെ ഖണ്ഡിക 12.2.5 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്ക് തുക അനുവദിക്കുമ്പോൾ ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക മുൻകൂർ ആയി നൽകാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ ₹2176887 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 കെ എസ് ഇ ബിക്ക് നൽകിയ തുക ദീർഘ കാലമായിട്ടും ക്രമീകരിച്ചിട്ടില്ല

മുൻകൂർ രജിസ്റ്ററിൽ ഓപ്പണിംഗ് ബാലൻസായി ₹145669 ക്രമീകരിക്കാൻ ബാക്കിയുള്ളതായി കാണിച്ചിട്ടുണ്ട്. പ്രസ്തുത തുക 08.08.2018 തീയതിയിലെ 21800426 നമ്പർ വൗച്ചർ പ്രകാരം കെ.എസ്.ഇ.ബി-യിൽ ഡെപ്പോസിറ്റ് ചെയ്ത തുകയാണ്. ആയത് നാളിതുവരെ ക്രമീകരിക്കാത്തതിന്റെയും ഏതിനത്തിൽ ഡെപ്പോസിറ്റ് ചെയ്തതാണ് എന്നതിന്റെയും വിവരങ്ങൾ ലഭ്യമല്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (33/03.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ഏത് ആവശ്യത്തിനാണ് ഡെപ്പോസിറ്റ് ചെയ്തതെന്ന് വ്യക്തമാക്കേണ്ടതും, തുക ക്രമീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-26 പത്താമുദയം പദ്ധതി-അപാകതകൾ- 72150 രൂപയുടെ ചെലവ് തടസ്സത്തിൽവെക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ, പേര് | 144/24, പത്താമുദയം |
| അടങ്കൽ | ₹ 2,00,000 (വികസന ഫണ്ട്-പൊതു വിഭാഗം) ₹1,25,000 , തനതുഫണ്ട്- ₹75,000) |
| ചെലവ് | ₹ 1,70,250 |
| ബിൽ തുക/ നമ്പർ/തീയതി | ₹25,300 ബിൽ നമ്പർ 78/31-07-2023<br>₹72,800 ബിൽ നമ്പർ 418/25.3.24<br>₹26,900 ബിൽ നമ്പർ 419/25-03-2024<br>₹45,250 ബിൽ നമ്പർ 7501017/30-03-2024 |

പത്താം തരം തുല്യതാ കോഴ്സിലെ (17-ാം ബാച്ച്) 39 പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ്, പരീക്ഷാ ഫീസ് എന്നീ ഇനത്തിൽ ഒരു പഠിതാവിന് 1850 രൂപാനിരക്കിൽ 72,150 രൂപയും, ഹയർ

സെക്കണ്ടറി തുല്യതാ കോഴ്സിലെ (8-ാം ബേച്ച്) രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ്, പരീക്ഷാ ഫീസ് എന്നീയിനങ്ങളിലായി ഒരു പഠിതാവിന് 2600 രൂപാ നിരക്കിൽ 28 പേർക്ക് 72,800 രൂപയും, 11 പഠിതാക്കളുടെ കോഴ്സ് ഫീയിനത്തിൽ ഒരു പഠിതാവിന് 2300 രൂപാനിരക്കിൽ 25300 രൂപയും കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ 57026996123 നമ്പർ അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. ഇതിൽ 72,800 രൂപയുടെയും 25,300 രൂപയുടെയും വിനിയോഗ സാക്ഷ്യപത്രവും കൈപ്പറ്റ് രശീതിയും മാത്രമേ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളൂ. ശേഷിക്കുന്ന തുകയ്ക്കുള്ള (₹26900 + ₹45,250 = ₹72150) വിനിയോഗ സാക്ഷ്യപത്രം, രശീതി എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് 23-9-24ന് നൽകിയ 7-ാം നമ്പർ ഓഡിറ്റ് എൻകവയറിക്കുള്ള മറുപടിയിൽ എത്രയും വേഗം രശീതി വാങ്ങി ഹാജരാക്കുന്നതാണ് എന്നാണറിയിച്ചത്. രേഖകളുടെ അഭാവത്തിൽ 72150 രൂപയുടെ ചെലവ് തടസ്സത്തിൽവെക്കുന്നു.

## 1-27 വിവിധ പ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ വിവരം ലഭ്യമായില്ല 163976 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തിലെ വിവിധ പ്രവൃത്തികൾക്കായി കെ എസ് ഇബിക്ക് താഴെ പറയും പ്രകാരം തുക (തനത് ഫണ്ട്) അനുവദിച്ചിട്ടുണ്ട്.

| പ്രവൃത്തി | അനുവദിച്ച തുക | വൗച്ചർ നമ്പർ/ തീയതി |
|---|---|---|
| ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 37260 | 22300645/16.11.2023 |
| വൈദ്യുതി തൂണുകൾ മാറ്റി സ്ഥാപിക്കൽ | 49568 | 22301026/30.03.2024 |
| ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 77148 | 22301015/27.03.2024 |
| ആകെ | 163976 | |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെയും തുകയുടെ വിനിയോഗവിവരവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (32/03.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ 163976 രൂപയുടെ ചെലവ്

തടസ്സപ്പെടുത്തുന്നു.

## 1-28 ഇ-ടെണ്ടർ ഫീ തുക ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവിൽ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട 2018-19 വർഷം മുതലുള്ള ഇ-ടെണ്ടർ ഫീസ് തുക ജില്ലാ പഞ്ചായത്ത് എക്സിക്യുട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭ്യമായിട്ടില്ല. ലഭ്യമാക്കിയ കണക്ക് പ്രകാരം 2020-2021 വരെ ഇ-ടെണ്ടർ ഫീസ് ഇനത്തിൽ 1,62,367 രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യുട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിക്കാനുണ്ട്. മുൻ വർഷ റിപ്പോർട്ടിലും ഇതേപ്പറ്റി പരാമർശിച്ചിരുന്നു. 30-09-2024 ന് ഇത് സംബന്ധിച്ച് നൽകിയ 19-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ടി തുക ക്രെഡിറ്റ് ചെയ്യുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ഒരു കറണ്ട് അക്കൗണ്ട് തുടങ്ങി വിവരം ജില്ലാപഞ്ചായത്തിനെയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെയും അറിയിച്ചെങ്കിലും ഇതേവരെ തുക ലഭ്യമാക്കിയിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. തുക അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-കേരളത്തിലെ മാലിന്യസംസ്കരണം ഹരിതകർമ്മസേനയിലൂടെ-അവലോകനം

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166-ാം വകുപ്പ് ഒന്നാം ഉപവകുപ്പ് പട്ടിക മൂന്ന് പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ മാലിന്യ സംസ്കരണവും കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണവും ഉൾപ്പെട്ടിട്ടുള്ളതാണ്. നിലവിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ അജൈവ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംരംഭമാണ് ഹരിത കർമ്മസേന.

സ.ഉ(ആർ.ടി)നം.1496/2020/തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യ

സംസ്ക്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ(ആർ.ടി) 880/2021/തസ്വഭവ തീയതി 16.04.2021, സ.ഉ (ആർ.ടി) 949/2021/തസ്വഭവ തീയതി 05.05.2021 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യങ്ങളുടെ ഉത്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉത്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിനിന്റെ ഉദ്ദേശ്യ ലക്ഷ്യം.

മേൽ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി 2023-24 സാമ്പത്തിക വർഷത്തിൽ മാലിന്യ നിർമ്മാർജ്ജനം, മാലിന്യങ്ങളുടെ ഉറവിട സംസ്കരണം, ഹരിതകർമ്മ സേനാംഗങ്ങൾക്ക് സൗകര്യമൊരുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് വിവരശേഖരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

**<u>I ഹരിത കർമ്മസേനയുടെ പ്രവർത്തനം</u>**

1) കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിൽ ആകെ 21 വാർഡുകളാണ് നിലവിലുള്ളത്. ഗ്രാമപഞ്ചായത്തിലെ 21 വാർഡുകളും കൂടി ആകെ ജനസംഖ്യ 45263 ആണ്. പഞ്ചായത്തിലെ ആൾ താമസമുള്ള വീടുകളുടെ എണ്ണം 9443 ഉം സ്ഥാപനങ്ങളുടെ എണ്ണം 536 ഉം ആണ്. ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 21 വാർഡുകളിൽ വാർഡ് ഒന്നിന് 2 ഹരിത കർമ്മ സേനാംഗം എന്ന കണക്കിൽ 42 ഹരിത കർമ്മ സേനാംഗങ്ങൾ നിലവിലുണ്ട്.

2. യൂസർ ഫീസ് കലക്ഷനിൽ നിന്നും വീടുകൾ, സ്ഥാപനങ്ങൾ എന്നിവ ഒഴിവാക്കപ്പെട്ടിട്ടില്ല. യൂസർഫീസ് നൽകാത്ത വീടുകളിലും സ്ഥാപനങ്ങളിലും ഹെൽത്ത് ഇൻസ്പെക്ടർ, വി.ഇ.ഒ എന്നിവർ നേരിട്ട് സന്ദർശിച്ച് ബോധവൽക്കരണം നടത്തുകയും നോട്ടീസ് നൽകുകയും ചെയ്യുന്നുണ്ട്. അജൈവ മാലിന്യങ്ങൾ ഹരിതകർമ്മ സേനാംഗങ്ങൾക്ക് നൽകേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ഗ്രാമസഭകളിൽ നിർദ്ദേശം നൽകുന്നുണ്ട്. ലൈസൻസ് പുതുക്കുന്നതിന് യൂസർഫീ റസീറ്റ് നിർബന്ധമാക്കിയിട്ടുണ്ട്.

3. ക്ലീൻ കേരള നൽകിയ കലണ്ടർ പ്രകാരം ചെരുപ്പ്, ബാഗ്, തുണികൾ, കുപ്പിച്ചില്ല്, സിമെന്റ് ചാക്ക്, ടാർപോളിൻ ഷീറ്റ് (ഇ മാലിന്യങ്ങൾ ഒഴികെ) എന്നിവ ശേഖരിച്ച് വരുന്നുണ്ട്.

4. അജൈവ മാലിന്യങ്ങൾ 100% ഉറവിടത്തിൽ നിന്നും തരം തിരിച്ചു വരുന്നുണ്ട്. ഉറവിടത്തിൽ നിന്നും തന്നെ മാലിന്യങ്ങൾ തരം തിരിച്ച് ശേഖരിക്കുമ്പോൾ, കൂടുതൽ വീടുകളും സ്ഥാപനങ്ങളും ചുരുങ്ങിയ സമയത്തിനുള്ളിൽ തീർക്കുവാൻ പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി

അറിയിച്ചിട്ടുണ്ട്.

5. പാതയോരങ്ങൾ, പൊതു ഇടങ്ങൾ, ജലസ്രോതസ്സുകൾ എന്നിവിടങ്ങളിൽ നിന്നും മറ്റും ശേഖരിക്കുന്ന ലഗസി മാലിന്യങ്ങൾ യഥാവിധി ക്ലീൻ കേരളയ്ക്ക് കൈമാറി വരുന്നുണ്ട്.

6. മാലിന്യ സംസ്കരണ രീതികളെ കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് 2023-24 വർഷം 42 ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി. ഹരിതകർമ്മ സേനാംഗങ്ങൾ വാതിൽപ്പടി ശേഖരണ സമയത്ത് തന്നെ വീടുകളിലും സ്ഥാപനങ്ങളിലും നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്.

7. ഹരിതകർമ്മ സേനാംഗങ്ങൾക്ക് വരുമാന വർദ്ധനവിനായി ഇനോക്കുല നിർമ്മാണ സംരംഭം തുടങ്ങുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

8. ഹരിതകർമ്മ സേനാംഗങ്ങൾക്ക് വാഹന സൌകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. വാഹനം ഓടിക്കുന്നതിന് കുടുംബശ്രീ മുഖേന പരിശീലനം നൽകിയിട്ടുണ്ട്. എം.സി.എഫിനോടനുബന്ധിച്ച് ഹരിത കർമ്മസേനക്ക് ഓഫീസ് സൌകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

9. പൊതു/സ്വകാര്യ ഇടങ്ങളിൽ മാലിന്യം തള്ളിയതും കത്തിച്ചതുമായി ബന്ധപ്പെട്ട് 23 പരാതികൾ ലഭിച്ചതിനെ തുടർന്ന് പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്.

10. ഹരിതകർമ്മ സേനാംഗങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനം 2022 -23 ൽ ഒന്നും, 2023- 24 ൽ നാലും പരിശീലന സെഷനുകൾ നടത്തിയിട്ടുണ്ട്.

11. ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി മാസത്തിൽ 2 തവണ അവലോകന യോഗം നടത്തുന്നുണ്ട്. പോരായ്മകൾ ചൂണ്ടിക്കാട്ടുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. വാർഡുകളെ 4 ക്ലസ്റ്ററുകളാക്കി തിരിക്കുകയും ക്ലസ്റ്ററുകളുടെ മോണിറ്ററിംഗ് ചുമതല കുടുംബശ്രീ ഉപജീവന സമിതി അംഗങ്ങൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

**II മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF)**

1. ഗ്രാമപഞ്ചായത്തിൽ നിലവിൽ രണ്ട് എം.സി.എഫും, 26 മിനി എം.സി.എഫും ഉണ്ട്. ബെയിലിംഗ് മെഷിൻ ഇല്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ ആർ ആർ എഫ് പ്രവർത്തിക്കുന്നില്ല. എം.സി.എഫിന്റെ ആകെ വിസ്തീർണ്ണം 110 മീറ്റർ സ്ക്വയർ (പാറാട്), 95 മീറ്റർ സ്ക്വയർ(നിള്ളങ്ങൽ) . ശുചി മുറി, ഓഫീസ് സൌകര്യം എന്നിവ നിലവിലുള്ള എം.സി.എഫുകളിൽ ഉണ്ട്. വാഹനം പോകുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

2. വാർഡുകളിലെ വിവിധ സ്ഥലങ്ങളിൽ നിന്നും തരംതിരിച്ച പ്ലാസ്റ്റിക് കവറുകൾ മിനി എം.സി.എഫുകളിലേക്കും, മിനി എം.സി.എഫിൽ നിന്നും എം.സി.എഫിൽ എത്തിക്കുകയും,

എ.സി.എഫിൽ നിന്നും ഇവ ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. എം.സി.എഫിൽ നിന്നും അജൈവമാലിന്യങ്ങൾ ക്ലീൻകേരള കമ്പനി കലക്ട് ചെയ്യുന്നതിൽ കാലതാമസം വരുന്നതിനാൽ പ്രയാസം നേരിടുന്നുണ്ട്.

3. അജൈവ മാലിന്യങ്ങൾ 3 മാസത്തോളം അന്തിമ സംഭരണ ഏരിയയിൽ സൂക്ഷിക്കാൻ സാധിക്കും.

4. MCFൽ വച്ച് അജൈവ മാലിന്യങ്ങൾ HD, PP, Oil Milk, Super LD, LD, RW, MLP എന്നിങ്ങനെ വേർതിരിച്ച് തൂക്കം നോക്കി തിട്ടപ്പെടുത്തി ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നു.

5. എം.സി.എഫുകളിൽ ഫയർ എക്സ്റ്റിംഗിഷർ, സേഫ്റ്റി എക്യുപ്മെന്റ്സ് എന്നിവ ഉണ്ട്. ഹരിത കർമ്മസേനാംഗങ്ങൾക്ക് യൂനിഫോം, തൊപ്പി, റെയിൻകോട്ട് എന്നിവ നൽകിയിട്ടുണ്ട്. മെഡിക്കൽ ക്യാമ്പ് നടത്തിയിട്ടുണ്ട്. ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നുണ്ട്.

6. ചില വാർഡുകളിൽ സൌകര്യമുള്ള വലിയ മിനി എം.സി.എഫുകൾ സ്ഥാപിക്കാൻ സ്ഥലപരിമിതി നേരിടുന്നുണ്ട്. 5 വാർഡുകളിൽ മാത്രമാണ് 2 വീതം മിനി എം.സി.എഫുകൾ ഉള്ളത്.

7. 2023-24 സാമ്പത്തിക വർഷം 21 വാർഡുകളിലും കൂടി യൂസർഫീ ഇനത്തിൽ 45,50,565 രൂപ ലഭിച്ചിട്ടുണ്ട്.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് 2023-24 സാമ്പത്തിക വർഷം നടത്തിയ പ്രവർത്തനങ്ങൾ പൊതുവരെ തൃപ്തികരമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ലൈഫ് ഭവന പദ്ധതി - ഗുണഭോക്താവിന് തുക അധികം അനുവദിച്ചു.₹1,00,000 യുടെ ചെലവ് അംഗീകരിക്കുന്നില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ, കൊളവല്ലൂർ സർക്കിൾ |
| പ്രൊജക്ട് നമ്പർ / പേര് | 16/24 ലൈഫ് ഭവനപദ്ധതി |
| അടങ്കൽ | ₹46,12,811 (വികസന ഫണ്ട് - പൊതുവിഭാഗം)<br>₹45,00,000 (സംസ്ഥാനാവിഷ്കൃത വിഹിതം)<br>₹50,00,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹50,00,000 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെ :₹1,91,12,811 |
| ചെലവ് | ₹40,62,811 (വികസന ഫണ്ട് - പൊതുവിഭാഗം)<br>₹41,20,000 (സംസ്ഥാനാവിഷ്കൃത വിഹിതം)<br>₹14,18,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹19,60,000 (ജില്ല പഞ്ചായത്ത് വിഹിതം)<br>ആകെ : ₹1,15,60,811 |

പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നം 115/2022/തസ്വഭവ തീയതി 28/5/2022 ഖ 6.7 (1) പ്രകാരം ഭവന നിർമ്മാണത്തിന് ജനറൽ വിഭാഗത്തിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി ₹4,00,000 യാണ്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം

പൊതുവിഭാഗത്തിൽപ്പെടുന്ന ശ്രീമതി കല്യാണി, ആച്ചേന്റവിട, ചെണ്ടയാട് എന്ന ഗുണഭോക്താവിന് ഭവന നിർമാണത്തിനായി ആകെ ₹5,00,000 അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താവിന് അനുവദനീയമായതിൽ കൂടുതൽ തുക നൽകിയത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | IFSC / അക്കൗണ്ട് നമ്പർ | പ്രൊജക്ട് നമ്പർ | നൽകിയ തുക / ഫണ്ടിനം | ബിൽ/ചെക്ക് നമ്പർ/ തീയ്യതി |
|---|---|---|---|---|
| കല്യാണി, ആച്ചേന്റവിട, ചെണ്ടയാട് | KLGB0040497/ 40497100002358 | 105/23 | 1,00,000 / ജില്ലാപഞ്ചായത്ത് വിഹിതം | 267/16.03.2023 |
| | | 105/23 | 40,000 / വികസന ഫണ്ട് | 155/20.01.2023 |
| | | 105/23 | 1,60,000 / വികസന ഫണ്ട് | 212/22.02.2023 |
| | | 16/24 | 1,00,000 / ജില്ലാപഞ്ചായത്ത് വിഹിതം | 16/30.05.2023 |
| | | 16/24 | 1,00,000 / സംസ്ഥാനാവിഷ്കൃത ഫണ്ട് | 283880/16.05.2023 |

മേൽ അപാകം സംബന്ധിച്ച് 27/01.10.2024 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ശ്രീമതി.കല്യാണി, ആച്ചേന്റവിട, ചെണ്ടയാട് എന്നവർക്ക് അധികമായി അനുവദിച്ച 1,00,000 രൂപ തിരിച്ചടപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം അനുവദിച്ച ₹1,00,000 യുടെ ചെലവ് അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2023-24 | 18-9-24, 19-09-24 | കെ.എസ്.എ./ കെ.എൻ.ആർ./ സി.10/1558/24 തീയതി: 14.11.2024 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക₹ | പ്രൊജക്ടിന്റെ പേര് | ചെലവ്₹ | ബാലൻസ്₹ |
|---|---|---|---|---|---|
| കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 1418000 | ലൈഫ് ഭവന പദ്ധതി, 16/24 | 14,18,000 | ഇല്ല |
| | | 59190 | സാന്ത്വന പരിചരണ പദ്ധതി, 33/24 | 59,190 | ഇല്ല |
| | | 97950 | അംഗൻവാടി പോഷകാഹാരം, 64/24 | 97,950 | ഇല്ല |
| | | 422200 | ഭിന്നശേഷി | 4,22,200 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ്, 71/24 | | |
| | | 30,000 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി, 136/24 | 30,000 | ഇല്ല |
| **ആകെ** | | **2027340** | | **20,27,340** | ഇല്ല |
| കണ്ണൂർ ജില്ലാപഞ്ചായത്ത് | | 150000 | പാലിന് ഇൻസെന്റീവ്, 13/24 | 1,50,000 | ഇല്ല |
| | | 1960000 | ലൈഫ് ഭവന പദ്ധതി, 16/24 | 19,60,000 | ഇല്ല |
| | | 1,75,000 | ഭിന്നശേഷി സ്കോളർഷിപ്പ്, 71/24 | 1,75,000 | ഇല്ല |
| **ആകെ** | | **2285000** | | **22,85,000** | ഇല്ല |

കുറിപ്പ്: ബാലൻസ് ഷീറ്റ് ബി.4 ഷെഡ്യൂൾ പ്രകാരം സംയുക്ത പദ്ധതികൾക്കായി മുൻ വർഷങ്ങളിൽ ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതമായ 66333 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 1366341 രൂപയും (ആകെ ₹1432674) വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. ആയത് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്/ പ്രോജക്ട് നമ്പർ | വൗച്ചർ നമ്പർ/ ചെക്ക് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | നമ്പർ | | | |
| ഭൂജലവകുപ്പ് | കണ്ണ്യാട് എസ്.ടി. കോളനിക്ക് കുഴൽക്കിണർ നിർമ്മാണം, 110/24 | 440/27-03-24 | 21444 (തനത് ഫണ്ട്) | 0 | 21444 |
| ഭൂജലവകുപ്പ് | കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുഴൽക്കിണർ നിർമ്മാണം, 117/24 | 351/21-03-24 | 477000(വികസന ഫണ്ട്(CFC TIED) | 0 | 477000 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | തെരുവു വിളക്ക് സ്ഥാപിക്കുന്നതിന് ലൈൻ വലിക്കൽ, 138/24 | ₹77148 (341/13-03-24) ₹2062727 (338/6-03-24) ₹37012 (436/26-03-24) | 2176887(തനത് ഫണ്ട്) | 0 | 2176887 |
| ഭൂജലവകുപ്പ് | വിവിധ കുഴൽക്കിണറുകൾക്ക് മോട്ടോർ പമ്പ് സ്ഥാപിക്കൽ, 220/24 | 335/1-03-24 336/1-03-24 | 221000 (വികസനഫണ്ട്(CFC TIED)) 66000 (തനത് ഫണ്ട്) | 0 | 287000 |
| പൊതുമരാമത്ത് വകുപ്പ് | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ, 207/24 | ബിൽ നമ്പർ 50/6.07.2023 | 89250 (ഹെൽത്ത് ഗ്രാന്റ്) | 0 | 89250 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വൈദ്യുതിത്തൂണുകൾ മാറ്റി സ്ഥാപിക്കൽ | 22300645/ തീയതി 16-11-23 | 37260 (തനത് ഫണ്ട്) | 0 | 37260 |
| കേരള സ്റ്റേറ്റ് | വൈദ്യുതിത്തൂണുകൾ | 22301026/ | 49568(തനത് ഫണ്ട്) | 0 | 49568 |

| | | | | | |
|---|---|---|---|---|---|
| ഇലക്ട്രിസിറ്റി ബോർഡ് | മാറ്റി സ്ഥാപിക്കൽ | തീയതി 30-03-24 | | | |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വൈദ്യുതിത്തൂണുകൾ മാറ്റി സ്ഥാപിക്കൽ | 22301015/ തീയതി 27-03-24 | 77148(തനത് ഫണ്ട്) | 0 | 77148 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ ലോൺ, ലൈഫ് ഭവന നിർമ്മാണ പദ്ധതി | സ.ഉ (എം.എസ്) 2278/ തസ്വഭവ 2018 തീയതി 18-08-2018 | 4854192 | 1839243 | 564830 | 0 | 12,74,413 |

.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| മുന്നിരിപ്പ് | 18691325 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | 1358237 |
| ആകെ | 20049562 |
| തൻവർഷം പിൻവലിച്ച തുക | 0 |
| വർഷാവസാനം നീക്കിയിരിപ്പ് | 2,00,49,562 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| ക്രമ നമ്പർ | നിക്ഷേപത്തിന്റെ വിവരം | കാലാവധി | തുക |
|---|---|---|---|
| 1 | കൊളവല്ലൂർ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, FD നമ്പർ 0402111701293/8-7-2023 | 07-07-2024 | 7177526 |
| 2 | കൊളവല്ലൂർ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, FD നമ്പർ 0402111701253/6-2-2022 | 27-01-2025 | 7160911 |
| 3 | കൊളവല്ലൂർ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, FD നമ്പർ 0402111701492/04.06.2022 | 04-06-2024 (04-06-2023 ന് പുതുക്കി നിക്ഷേപിച്ചിട്ടുണ്ട്) | 5711125 |
| | ആകെ | | 20049562 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 10,058 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 2-4 | 960 | കീരൻ കുമാരൻ | 1230100303/26.04.2023 |

| | | | | |
|---|---|---|---|---|
| 2006-07 | 2-3 | 2375 | ടി.ഭാസ്കരൻ | 1230100302/26.04.2023 |
| 2006-07 | 2-3 | 1125 | എം.വി.സുലൈഖ | 1230100336/29.04.2023 |
| 2017-18 | 2-4 | 480 | M/S താജ് ഇന്ററർലോക്ക്സ് | 1230101191/16.06.2023 |
| 2017-18 | 2-4 | 480 | M/S നിർമൽ ടൈൽസ് | 1230101192/16.06.2023 |
| 2015-16 | 2-1 | 240 | രാജൻ.ടി.പി(Light&Sound | 1230101608/27.06.2023 |
| 2006-07 | 2-3 | 2375 | രാജീവൻ.എം. | 1230102645/15.09.2023 |
| 2006-07 | 2-3 | 149 | സുജിത്ത്.ഒ.കെ | 1230102649/15.09.2023 |
| 2006-07 | 2-3 | 87 | കെ.പി.നാണി | 1230102770/21.09.2023 |
| 2006-07 | 2-3 | 62 | രാമദാസൻ.പി | 1230103015/27.09.2023 |
| 2006-07 | 2-3 | 1725 | രജീന്ദ്രൻ.വി.കെ | 1230105012/24.11.2023 |
| ആകെ | | 10058 | | |

ലഭ്യമാക്കിയ ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം 10,058 രൂപയാണ് കാണുന്നതെങ്കിലും വാർഷിക ധനകാര്യപത്രികയിലെ I-19 ഷെഡ്യൂൾ പ്രകാരം 9,458 രൂപയാണുള്ളത്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്.

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-5 | 2016-17 | 1 | വസ്തുനികുതി | പരാമർശം നിലനിൽക്കുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 59775330 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 51592021 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,00,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 44,16,663 |

### (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-18, 3-1 | 0 | 1,00,000 | ശ്രീ.രാജേഷ്.കെ, വി ഇ ഒ/കൊളവല്ലൂർ |

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 52500 | ശ്രീമതി സൂര്യ ഇ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-15 | 23,230 | ഡോ.നീനു.സി.കെ ,മെഡിക്കൽ ഓഫീസർ ,ഹോമിയോ |
| 1-16 | 89,250 | ഡോ.ദിവ്യ ദാമോദരൻ ,മെഡിക്കൽ ഓഫീസർ എഫ് എച്ച് സി |
| 1-17 | 50,000 | ശ്രീ സക്കറിയ.എൻ., ഹെഡ് മാസ്റ്റർ |

| | | |
|---|---|---|
| 1-19 | 2,87,000 | ശ്രീ. പ്രദീപ് എസ്, സെക്രട്ടറി |
| 1-21 | 4,98,444 | ശ്രീ പ്രദീപ്. എസ്., സെക്രട്ടറി |
| 1-22 | 1,03,226 | ശ്രീ ജിനീഷ് കുമാർ.ഇ., ഹെഡ്ക്ലാർക്ക്, (സെക്രട്ടറിയുടെ ചുമതല) |
| 1-23 | 9,00,000 | ശ്രീ പ്രദീപ്. എസ്., സെക്രട്ടറി |
| 1-24 | 21,76,887 | ശ്രീ പ്രദീപ്. എസ്., സെക്രട്ടറി |
| 1-26 | 72,150 | ശ്രീ സക്കറിയ.എൻ., ഹെഡ് മാസ്റ്റർ |
| 1-27 | 1,63,976 | ശ്രീ സക്കറിയ.എൻ., ഹെഡ് മാസ്റ്റർ |
| ആകെ | **44,16,663** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. രാജേഷ് കെ.പി., വി.ഇ.ഒ. | വി.ഇ.ഒ., കൊളവല്ലൂർ | ഇന്ദീവരം, പന്തക്കൽ, പി.ഒ. മാഹി |
| ശ്രീ സക്കറിയ.എൻ., ഹെഡ് മാസ്റ്റർ | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ, കാട്ടകുളം, | സക്കറിയ.എൻ., ഹെഡ്മാസ്റ്റർ, മണ്ടൂർ(പി.ഒ.), |

| | | |
|---|---|---|
| | ചെറുകുന്ന്(പി.ഒ.), കണ്ണൂർ. | കണ്ണൂർ-670501 |
| ഡോ. നീനു സി.കെ., മെഡിക്കൽ ഓഫീസർ (ഹോമിയോ) | എം.ഡി. (ഹോമിയോ ഡിസ്പെൻസറി, കുന്നോത്ത് പറമ്പ്) | സി.കെ. ഹൗസ്, പെരുന്താറ്റിൽ, എരഞ്ഞോളി പി.ഒ. കണ്ണൂർ |
| ഡോ. ദിവ്യ ദാമോധരൻ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | ജൂനിയർ കൺസൾട്ടന്റ്, ടി.എച്ച് വൈത്തിരി, വയനാട് | കനിഷ്, പുത്തൂർ പി.ഒ, വടകര, കോഴിക്കോട് ജില്ല |
| ശ്രീ. പ്രദീപ് എസ്, സെക്രട്ടറി | സെക്രട്ടറി, കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്ത് | പുത്തൻ പുരയ്ക്കൽ ഹൗസ്, രാമപുരം, കോട്ടയം |
| ശ്രീ. ജിനീഷ് കുമാർ ഇ, ഹെഡ് ക്ലർക്ക് | അസി. സെക്രട്ടറി, ബേളൂർ ഗ്രാമപഞ്ചായത്ത്, കാസർക്കോാഡ് | ബിജിന നിവാസ്, കരിയാട്, കണ്ണൂർ ജില്ല |
| ശ്രീമതി സൂര്യ ഇ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, പിണറായി ഗ്രാമപഞ്ചായത്ത് | നയറ്റിൽ ഹൗസ്, പടുവിലായി, പാതിരിയാട് പി.ഒ., കണ്ണൂർ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1999-00 | നമ്പർ.കെ എസ് എ / കെ എൻ ആർ /സി 8/1418/2022 തീയ്യതി 9-11-2022 | 1 |
| 2001-02 (പദ്ധതി വിഹിതം) | നമ്പർ.കെ എസ് എ / കെ എൻ ആർ /സി 8/1418/2022 തീയ്യതി 9-11-2022 | 2 |
| 2003-04 | നമ്പർ.കെ എസ് എ / കെ എൻ ആർ /സി 8/1418/2022 തീയ്യതി- 9-11-2022 | 1 |
| 2005-06 | നമ്പർ.കെ എസ് എ / കെ എൻ ആർ /സി 8/1418/2022 തീയ്യതി- 9-11-2022 | 1 |
| 2006-07 | നമ്പർ.കെ എസ് എ / കെ എൻ ആർ /സി 8/1418/2022 തീയ്യതി – 9-11-2022 | 2 |
| 2007-08 | നമ്പർ.കെ എസ് എ / കെ എൻ ആർ /സി 8/1418/2022 തീയ്യതി – 9-11-2022 | 6 |
| 2008-09 | നമ്പർ.കെ എസ് എ / കെ എൻ ആർ /സി 8/1418/2022 തീയ്യതി -9-11-2022 | 7 |
| 2009-10 | നമ്പർ.കെ എസ് എ / കെ എൻ ആർ /സി 8/1418/2022 തീയ്യതി – 9-11-2022 | 3 |
| 2011-12 2012-13 | നമ്പർ.കെ എസ് എ / കെ എൻ ആർ /സി 8/1418/2022 തീയ്യതി – 9-11-2022 | 5 |
| 2013-14 2014-15 | നമ്പർ.കെ എസ് എ / കെ എൻ ആർ /സി 8/1418/2022 തീയ്യതി – | 3 |

| | | |
|---|---|---|
| | 9-11-2022 | |
| 2015-16 | നമ്പർ.കെ എസ് എ / കെ എൻ ആർ /സി 8/1418/2022 തീയ്യതി -9-11-2022 | 5 |
| 2016-17 | നമ്പർ.കെ എസ് എ / കെ എൻ ആർ /സി 8/1418/2022 തീയ്യതി 9-11-2022 | 3 |
| 2017-18 | നമ്പർ.കെ എസ് എ / കെ എൻ ആർ /സി 8/1418/2022 തീയ്യതി – 9-11-2022 | 2 |
| 2018-19 | നമ്പർ.കെ എസ് എ / കെ എൻ ആർ /സി 8/1418/2022 തീയ്യതി – 9-11-2022 | 3 |
| 2019-20 | കെഎസ്എ/കെഎൻആർ/ സി8/1166/22 തീയതി 03.11.2022 | 4 |
| 2020-21 | കെഎസ്എ/കെഎൻആർ/ സി8/1672/22 തീയതി 30.01.2023 | 10 |
| 2021-22 | കെഎസ്എ/കെഎൻആർ/ സി8/1697/2023 തീയതി 24.02.2024 | 16 |
| 2022-23 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/1904/2023 തീയ്യതി: 09.02.2024 | 21 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 48/2024 dated 48/2024 dated 18-06-2024 and submitted on 20-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Kunnothuparamba Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Kunnothuparamba Grama Panchayat as on 31-03-2024

**Date: 14/11/2024** **Deputy Director**

**Kerala State Audit Department**

# Audit Report appended to the Audit Certificate of Kunnothuparamba Grama Panchayat for the Year 2023-2024.

## 1.Major Observations

Nil

## 2.Other Observations

1)Lapses in making timely and accurate demand entries in respect of tax and non tax revenue.
2)The work for which has part bill payment made is not accounted in capital work in progress in balance sheet.
3) Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
4)The following mandatory financial statements prescribed in accounting rules are not submitted for audit.
5)The Asset value shown in balance sheet is not traceable to Asset Register as it is not updated.
6)Annual Physical stock verification for the Financial year 2023-24 has not been conducted and certified.
7) Amount given to GWD and KSEB for executing deposit works which are unadjusted till date is not shown in B18 schedule of balance sheet.
8) Amount in excess of festival allowance has not been journalized and adjusted.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3
# ധനകാര്യപത്രികകൾ

## 1. റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| **Kunnothuparamba Grama Panchayat**<br>**RECEIPT & PAYMENT STATEMENT** | | | |
| For the period from 01-April-2023 to 31-March-2024 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 32853097.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1653090.00 |
| 140000000 | Fees & User Charges | RP-4 | 9332278.00 |
| 150000000 | Sale & Hire Charges | RP-5 | 31733.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 18106200.00 |
| 171000000 | Interest Earned | RP-9 | 549090.00 |
| 190000000 | Prior Period Income | RP-11 | 9458.00 |
| 311000000 | Earmarked Funds | RP-28 | 100119.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 18188992.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 10590148.00 |
| 460000000 | Loans, Advances and Deposits | RP-49 | 16000.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 1000.00 |
| 340000000 | Deposits Received | RP-33 | 66056.00 |
| 350000000 | Other Liabilities | RP-35 | 1131166.00 |

| | | | |
|---|---|---|---|
| | **Grand total** | | **92628427.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 101400.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 140905.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 6777081.00 |
| 460000000 | Loans, Advances and Deposits | RP-49 | 839600.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 149681.00 |
| 350000000 | Other Liabilities | RP-35 | 43583354.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 41036406.00 |
| Cash | Cash | RP-40(b) | 0.0 |
| **Grand Total** | **92628427.00** | | |

## 2. ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെൻറ്

| | | | |
|---|---|---|---|
| **Kunnothuparamba Grama Panchayat**<br>**INCOME & EXPENDITURE STATEMENT** | | | |
| For the period from 01-April-2023 to 31-March-2024 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 7596473.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 0.0 |
| 140000000 | Fee & User Charges | I-4 | 9715778.00 |
| 150000000 | Sale & Hire Charges | I-5 | 31733.00 |
| 160000000 | Revenue Grants, Funds, Contributions & | I-6 | 186884914.00 |

| | | | |
|---|---|---|---|
| | Compensations / Subsidies | | |
| 170000000 | Income from Investments | I-7 | 1358237.00 |
| 171000000 | Interest Earned | I-8 | 549090.00 |
| 180000000 | Other Income | I-9 | 1000.00 |
| | **Total Income** | | **206137225.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 12085181.00 |
| 220000000 | Administrative Expenses | I-11 | 1835195.00 |
| 230000000 | Operations & Maintenance | I-12 | 1461602.00 |
| 240000000 | Interest & Finance Charges | I-13 | 16222.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 3200539.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 37067398.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 4928707.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 56225544.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 70291800.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 2774732.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 15444187.00 |
| | **Total Expenditure** | | **205331107.00** |
| | **Gross Surplus / Deficit of income over Expenditure before prior period items** | | **806118.00** |
| | **Gross Surplus / Deficit of income over Expenditure** | | **832173.00** |
| 190000000 | Prior Period Income | I-19 | 38145 |

| | | | |
|---|---|---|---|
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 64200.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **-26055.00** |

## 3. ബാലൻസ് ഷീറ്റ്

| **Kunnothuparamba Gramapanchayat BALANCE SHEET** | | | |
|---|---|---|---|
| For the period from 01-April-2023 to 31-March-2024 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 56200416.24 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 24514.00 |
| 312000000 | Reserves | B-3 | 68961926.00 |
| | **Total Reserve & Surplus** | | **125186856.24** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 24362226.00 |
| | **Total Grants, Contributions for Specific Purposes** | | **24362226.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 1274413.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **1274413.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 331631.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2142224.76 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **2473855.76** |
| | **TOTAL LIABILITIES** | | **153297351.00** |
| | **ASSETS** | | |

| | | | |
|---|---|---|---|
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 3144947.00 |
| 412000000 | Capital Work in Progress | B-11(b) | 250000.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 733539.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 22034258.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 144445394.00 |
| 416000000 | Accumulated Depreciation | B-11(a) | -88207723.00 |
| | **Total Fixed Assets** | | **82400415.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 20049562.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **20049562.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 6779717.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 41036406.00 |
| 460000000 | Loans, Advances and Deposits | B-18 | 3031251.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **50847374.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **153297351.00** |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.